# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/275/2017 — 2017 ഡിസംബർ 30

## <u>പത്രക്കുറിപ്പ്</u>

**<u>അപേക്ഷാ തീയതി</u>**
അഫിലിയേറ്റഡ് കോളേജുകളിലെ ഏഴാം സെമസ്റ്റർ ബി.എ. ക്രിമിനോളജി എൽ.എൽ.ബി (ഓണേഴ്സ്) /ബി.കോം എൽ.എൽ.ബി (ഓണേഴ്സ്)/ബി.ബി.എ എൽ.എൽ.ബി (ഓണേഴ്സ്) പരീക്ഷകൾ ജനുവരി 30– ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 10 വരെയും 50 രൂപ പിഴയോടുകൂടി 11 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 15 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടും എഴുതുന്നവർ പേപ്പർ ഒന്നിന് 20 രൂപ വീതവും (പരമാവധി 100 രൂപ) സി.വി ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

**<u>കോഴ്സ് വർക്ക് പ്രവേശനം</u>**
മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 2017–18 വർഷത്തെ ഫുൾ ടൈം/പാർട്ട് ടൈം പി.എച്ച്.ഡി ഗവേഷണം ജനുവരി 1 –ന് ആരംഭിക്കും. ഗവേഷണ വിദ്യാർത്ഥികൾ അതാത് ഗവേഷണ കേന്ദ്രങ്ങളിൽ പ്രവേശനം നേടേണ്ടതാണ്. പാർട്ട് ടൈം വിദ്യാർത്ഥികളിൽ ഒറ്റത്തവണയായി കോഴ്സ് വർക്ക് ചെയ്യുന്നവർ തൊഴിൽ ദാതാവിൽ നിന്നുള്ള വിടുതൽ രേഖകളുമായി ജനുവരി ആദ്യ ആഴ്ചയിൽ തന്നെ ഗവേഷണ കേന്ദ്രങ്ങളിൽ ഹാജരാകേണ്ടതാണ്. രജിസ്ട്രേഷൻ ഉത്തരവുകളും വിശദവിവരങ്ങളും സർവ്വകലാശാല വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

**<u>പരീക്ഷാ തീയതി</u>**
മൂന്നാം സെമസ്റ്റർ എം.എസ്.സി. സൈക്കോളജി ഇലക്ടീവ് –3 അഡ്വാൻസ്ഡ് ഓർഗനൈസേഷണൽ ബിഹേവിയർ എന്ന പേപ്പറിന്റെ പരീക്ഷ ജനുവരി 5–ന് ഉച്ച കഴിഞ്ഞ് 2.00 മുതൽ 5.00 വരെ നടത്തും.

**<u>പ്രാക്റ്റിക്കൽ</u>**
2017 ഒക്ടോബറിൽ നടന്ന ഫൈനൽ ബി.ഡി.എസ്. പാർട്ട്–I സപ്ലിമെന്ററി പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 4 മുതൽ ബന്ധപ്പെട്ട കോളേജിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>പരീക്ഷാ ഫലം</u>**
2016 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി മെറ്റീരിയൽ സയൻസ് (നോൺ സി.എസ്.എസ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർ മൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 6 വരെ അപേക്ഷിക്കാം.

2016 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് (നോൺ സി.എസ്.എസ്, സപ്ലിമെന്ററി & മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർ മൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 11 വരെ അപേക്ഷിക്കാം.

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.കോം. (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർ മൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 12 വരെ അപേക്ഷിക്കാം. മൂവാറ്റുപുഴ നിർമ്മല കോളേജിലെ അഖില വിജയൻ, കോട്ടയം ബസേലിയസ് കോളേജിലെ രേഖമോൾ ഒ., പള്ളം ബിഷപ്പ് സ്പീച്ച്ലി കോളേജിലെ ചിഞ്ചുമോൾ തങ്കച്ചൻ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**